# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 774 28.02.2018 -ലെ മറുപടി

## ഡാമുകളിൽ നിന്ന് മണൽ വാരൽ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ വിവിധ ഡാമുകളിൽ നിന്ന് മണൽ വാരുന്ന പദ്ധതി നിലവിലുണ്ടോ; | (എ) 2009-11 കാലയളവിൽ ഡാമുകളിൽനിന്നും മണൽവാരുന്ന പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിരുന്നു. ഈ സർക്കാർ സംസ്ഥാനത്തെ ഡാമുകളിൽ കെട്ടികിടക്കുന്ന ചെളിയും എക്കലും മണലും നീക്കം ചെയ്ത് ഡാമുകളുടെ സംഭരണ ശേഷി പൂർവ്വ രൂപത്തിലാക്കുന്നതിനും ലഭിക്കുന്ന മണൽ, കളിമണ്ണ് എന്നിവ പ്രയോജനപ്പെടുത്തുവാനും വേണ്ടി തയ്യാറാക്കിയ സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP), സ.ഉ(കൈ) നം. 79/2017/ജവിവ തീയതി 26/09/2017 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിൽ ഡീസിൽറ്റിംഗ് നടത്തുവാനും അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ കഴിഞ്ഞ വർഷം ഏതൊക്കെ ഡാമുകളിൽ നിന്ന് ഇപ്രകാരം വരുമാനം ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) 2009-11 കാലഘട്ടത്തിൽ ശേഖരിച്ചുവച്ചിരുന്ന മണലിൽനിന്നും ബഹു.ഹൈകോടതി ഉത്തരവ് അനുസരിച്ച് ചുള്ളിയാർ ഡാമിൽനിന്നും കഴിഞ്ഞ വർഷം 500M$^3$ മണൽ വിതരണം ചെയ്തതിന്റെ വരുമാനം ലഭിച്ചിട്ടുണ്ട്. |
| (സി) | ഈ പദ്ധതി നിർവഹിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയതെന്നും മണൽ വില്പന നടത്തുന്നത് എപ്രകാരമാണെന്നും അറിയിക്കുമോ; | (സി) യും (ഡി) യും കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ; ഈ പദ്ധതി പരീക്ഷണാടിസ്ഥാനത്തിലാണ് നടത്തിയിട്ടുള്ളത്. |
| (ഡി) | ഇപ്രകാരം മണൽ വാരുന്നതിന് മുമ്പ് പരിസ്ഥിതി പഠനങ്ങൾ എന്തെങ്കിലും നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് നൽകാമോ? | |

സെക്ഷൻ ഓഫീസർ